■ ദേശീയ സമ്മതിദായക ദിനാഘോഷം ഉദ്ഘാടനം

# വോട്ട് ചെയ്യുകയെന്നത് കടമ: ടൊവിനോ തോമസ്

**കൊച്ചി**

വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം യുവാക്കളിലേക്ക് പകർന്ന് നടൻ ടൊവിനോ തോമസ്. ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാന ഉദ്ഘാടനം തൃക്കാക്കര ഭാരതമാതാ കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന തെരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ്പ് ഐക്കൺകൂടിയാണ് നടൻ ടൊവിനോ.

വോട്ട് ചെയ്യുകയെന്നത് ഓരോ പൗരന്റെയും കടമയാണ്. ജനാധിപത്യം കാത്തുസൂക്ഷിക്കാൻ കഴിയുന്ന, നമ്മെ നയിക്കാൻ കഴിയുന്ന വ്യക്തിക്കായിരിക്കും എന്റെ വോട്ട്. വോട്ട് ചെയ്യാനുള്ള അവസരം നഷ്ടപ്പെടുത്തിയിട്ടില്ല. ഭാവി തലമുറകൾ സുരക്ഷിതരായിരിക്കാനും തുല്യത ഉറപ്പാക്കാനും എല്ലാവരും വോട്ട് ചെയ്യുമെന്ന് ഉറപ്പാക്കണമെന്നും ടൊവിനോ അഭ്യർഥിച്ചു.

സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അധ്യക്ഷനായി. മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ രാജീവ് കുമാറിന്റെ ദേശീയ സമ്മതിദാന സന്ദേശ വീഡിയോ പ്രദർശിപ്പിച്ചു. ടൊവിനോ തോമസ് ദേശീയ സമ്മതിദായക പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മികച്ച ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കുള്ള പുരസ്കാരം കലക്ടർമാരായ കൃഷ്ണ തേജ, വി ആർ വിനോദ്, സ്നേഹിൽ കുമാർ സിങ് എന്നിവർ ഏറ്റുവാങ്ങി. മികച്ച ബൂത്തുതല ഓഫീസർമാർക്കുള്ള പുരസ്കാരം വിജി വർഗീസ്, ടി ധന്യമോൾ എന്നിവർ സ്വീകരിച്ചു. മികച്ച ഇലക്ടറൽ ലിറ്ററസി ക്ലബ് പുരസ്കാരം പാലക്കാട് അഗളി ഗവ. വിഎച്ച്എസ്എസ് നേടി. മികച്ച ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ് കോ–ഓർഡിനേറ്റർ പുരസ്കാരം അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിപിൻ കെ വർഗീസ് (കുര്യാക്കോസ് ഗ്രിഗോറിയസ്, പാമ്പാടി, കോട്ടയം) ഏറ്റുവാങ്ങി.

പുതിയ വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം കലക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. ഭാരതമാതാ കോളേജ് മാനേജർ ഡോ. എബ്രഹാം ഒലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ. കെ എം ജോൺസൺ, അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ സി ഷർമിള തുടങ്ങിയവർ പങ്കെടുത്തു.



ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാന ഉദ്ഘാടനം സംസ്ഥാന തെരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ് ഐക്കണായ നടൻ ടൊവിനോ തോമസ് നിർവഹിക്കുന്നു